# പൗത്രന്റെ അനന്തരാവകാശം

മൗലാനാ മൗദൂദി

അനാഥനായ പൗത്രന് പിതാമഹന്റെ അനന്തരാവകാശം നിഷേധിക്കുന്നത് ഖുർആന് വിരുദ്ധമാണ്– കുറച്ചുകാലമായി ചില മാന്യന്മാർ ആരംഭിച്ച പ്രചാരവേലയാണിത്. പക്ഷേ, അനാഥനായ പൗത്രന് അനന്തരസ്വത്ത് നിഷേധിക്കുകയെന്ന പ്രശ്നത്തിൽ സ്വഹാബിവര്യന്മാരുടെ കാലം മുതൽ ഇന്നോളം സമുദായത്തിലെ എല്ലാ പണ്ഡിതന്മാരും ഏകാഭിപ്രായക്കാരത്രെ. ഈ വിഷയത്തിൽ ഹനഫീ, ശാഫിഈ, മാലികീ, ഹമ്പലീ, ളാഹിരീ, അഹ്‌ലുഹദീസ് മുതലായ വിഭാഗങ്ങളിൽ പെട്ട പണ്ഡിതന്മാർക്ക് യാതൊരു അഭിപ്രായവ്യത്യാസവുമുള്ളതായി കാണുന്നില്ല. അതിനാൽ ഈ പ്രചാരവേലയുടെ പ്രത്യാഘാതങ്ങൾ വളരെ ദൂരവ്യാപകമാകുന്നു. ഒരുവേള പൗത്രന്റെ അനന്തരാവകാശ നിഷേധം ഖുർആന് വിരുദ്ധമാണെന്നംഗീകരിക്കുന്നുവെന്നിരിക്കട്ടെ; മറുവശത്ത് സമുദായത്തിലെ പണ്ഡിതന്മാർ അതിൽ പൂർണമായി യോജിച്ചതായി കാണുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ, ഇസ്‌ലാമികപണ്ഡിതന്മാർ ഖുർആൻ ഗ്രഹിച്ചിരുന്നില്ലെന്നോ, മനഃപൂർവം അവർ ഖുർആനെ ധിക്കരിക്കുന്നതിൽ ഏകാഭിപ്രായക്കാരായിരുന്നുവെന്നോ ഉള്ള നിഗമനത്തിലെത്തിച്ചേരാതിരിക്കാൻ ഒരു വ്യക്തിക്കും സാധ്യമല്ല.

ഈ പ്രചാരവേലക്ക് വശംവദനായി ഏതാനും വർഷങ്ങൾക്ക് മുമ്പ് ചൗധരി മുഹമ്മദ് ഇഖ്ബാൽ ചീമ, മുൻ പഞ്ചാബ് അസംബ്ലിയിൽ ഒരു കരട് നിയമമവതരിപ്പിച്ചിരുന്നു. ഇസ്‌ലാമിന്റെ അനന്തരാവകാശ നിയമത്തിൽ ഭേദഗതി വരുത്തുകയായിരുന്നു അതിന്റെ ലക്ഷ്യം. ലാഹോർ ഹൈക്കോടതി ജഡ്ജിമാർ മുതൽ ജില്ലകളുടെ ഡെപ്യൂട്ടി കമീഷണർമാർ, ഡിസ്ട്രിക് ജഡ്ജിമാർ, സിവിൽ ജഡ്ജിമാർ, സർക്കാർ ഓഫീസുകളിലെ വൻകിടക്കാരും ചെറുകിടക്കാരുമായ അധികൃതർ, അഭിഭാഷകർ, മുൻസിപ്പൽ കമീഷണർമാർ എന്നിവരിൽ ഗണ്യമായ ഒരു വിഭാഗം അതിനു പിന്തുണ നൽകുകയും ചെയ്തു. അതിനുശേഷം പാകിസ്താനിലെ മുൻ ചീഫ് ജസ്റ്റിസ് മിയാൻ അബ്ദുർറശീദിന്റെ നേതൃത്വത്തിലുള്ള 'മാരേജ് കമീഷൻ' അതിന്റെ റിപ്പോർട്ട് സമർപ്പിച്ചു. ഭേദഗതിയെ അനുകൂലിക്കുകയാണ് അദ്ദേഹവും ചെയ്തത്. പ്രശ്നത്തെ സംബന്ധിച്ച് അഭിപ്രായപ്രകടനം നടത്തുന്നതിന് മുമ്പായി ജനങ്ങൾ അതിന്റെ 'ശർഇ'യായ സ്വഭാവം പൂർണമായി മനസ്സിലാക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

### അനന്തരാവകാശത്തെ സംബന്ധിച്ച് ഖുർആന്റെയും സുന്നത്തിന്റെയും മൗലികവിധികൾ

1. അനന്തരാവകാശത്തിന്റെ പ്രശ്നം ഉത്ഭവിക്കുന്നത് മനുഷ്യന്റെ ജീവിതകാലത്തല്ല, ധനം വല്ലതും വിട്ടേച്ച് മരിക്കുന്നത് മുതൽക്കാണ്. അടിസ്ഥാനപരമായ ഈ നിയമങ്ങൾ ഖുർആനിൽ വിവിധ ഭാഗങ്ങളിൽ സവിശദം പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ഒരിടത്ത് പറയുന്നു:

''മാതാപിതാക്കളും അടുത്ത ബന്ധുക്കളും വിട്ടേച്ചുപോയ സ്വത്തിൽ പുരുഷന്മാർക്ക് ഓഹരിയുണ്ട്; മാതാപിതാക്കളും അടുത്ത ബന്ധുക്കളും വിട്ടേച്ചുപോയ സ്വത്തിൽ സ്ത്രീകൾക്കും ഓഹരിയുണ്ട്" (*അന്നിസാഅ്* 7)

മറ്റൊരിടത്ത് പറയുന്നു:

"ഒരു വ്യക്തി മരിച്ചു; അദ്ദേഹത്തിന് സന്താനങ്ങളില്ല, ഒരു സഹോദരിയുണ്ട്. എങ്കിൽ അദ്ദേഹം വിട്ടേച്ചുപോയതിന്റെ പകുതി സഹോദരിക്കുണ്ട്" (*അന്നിസാഅ്* 176).

ഇപ്രകാരം *അന്നിസാഅ്* സൂറത്തിന്റെ പതിനൊന്നും പന്ത്രണ്ടും സൂക്തങ്ങളിൽ അനന്തരാവകാശ നിയമം വിശദീകരിച്ചുകൊണ്ട് 'തറക്', 'തറക്തും', 'തറക്നാ' എന്നീ വാക്കുകൾ പലതവണ ആവർത്തിച്ചിരിക്കുന്നു. അതിൽനിന്ന് അനന്തരാവകാശത്തിന്റെ നിയമം, വിട്ടേച്ചുപോയ സ്വത്തിന് മാത്രം ബാധകമാണെന്ന് സുവ്യക്തമാകുന്നു.

2. മേൽ പ്രസ്താവിച്ച മൗലിക നിയമങ്ങളിൽനിന്ന് സിദ്ധിക്കുന്ന തത്ത്വങ്ങൾ ഇവയാണ്:

(എ) അനന്തരമെടുക്കപ്പെടുന്ന വ്യക്തിയുടെ മരണത്തിന് മുമ്പ് ദായധനത്തിന്റെ യാതൊരവകാശവും ഉടലെടുക്കുന്നതല്ല.

(ബി) അനന്തരമെടുക്കപ്പെടുന്ന വ്യക്തിയുടെ മരണത്തിന് ശേഷം യഥാർഥത്തിൽതന്നെ ജീവിച്ചിരിക്കുന്ന ദേഹത്തിന് മാത്രമേ അനന്തരാവകാശം സിദ്ധിക്കുകയുള്ളൂ; ജീവിച്ചിരിപ്പുള്ളതായി സങ്കൽപിക്കുന്ന വ്യക്തിക്ക് ലഭ്യമല്ല.

(സി) അനന്തരമെടുക്കപ്പെടുന്ന വ്യക്തിയുടെ ജീവിതകാലത്ത് മരണപ്പെട്ടവർക്ക് അദ്ദേഹത്തിന്റെ ദായധനത്തിൽ ഒരവകാശവുമില്ല. കാരണം, അനന്തരമെടുക്കാൻ യാതൊരവകാശവുമില്ലാത്ത കാലത്തുതന്നെ അവർ മരിച്ചുകഴിഞ്ഞു. അതിനാൽ മുമ്പേ മരിച്ചുപോയ വ്യക്തിയുടെ അനന്തരാവകാശിയെന്ന നിലക്കോ, പ്രതിനിധിയെന്ന അടിസ്ഥാനത്തിലോ ഒരു വ്യക്തിക്ക്, അനന്തരം നൽകുന്ന ആളുടെ ദായധനത്തിന് അവകാശവാദമുന്നയിക്കുക സാധ്യമല്ല. പക്ഷേ, സ്വന്തം നിലക്ക് ദായധനത്തിൽ 'ശർഇ'യായ വല്ല അവകാശവും അവനുണ്ടെങ്കിൽ അത് ലഭിക്കുന്നതാണ്.

3. അനന്തരമെടുക്കുന്നവന്റെ മരണവേളയിൽ ജീവിച്ചിരിപ്പുള്ള വ്യക്തികളിൽ ദായധനം വിഭജിക്കുന്നതിന് ഖുർആൻ അംഗീകരിച്ച നിയമം, ആവശ്യക്കാർക്കോ അനുഭാവമർഹിക്കുന്നവർക്കോ അത് നൽകണമെന്നല്ല; പ്രത്യുത, ബന്ധുത്വത്തിൽ അനന്തരം നൽകുന്ന വ്യക്തിയുമായി അടുപ്പമുള്ളവർക്ക്, അഥവാ അനന്തരം നൽകുന്ന വ്യക്തി ഏതൊരു ബന്ധുത്വത്തിലാണോ അടു

ത്തുനിൽക്കുന്നത് അവർക്ക് ഓഹരി ലഭിക്കുമെന്നതും, കൂടുതൽ അടുത്ത ബന്ധു ഉണ്ടായിരിക്കെ അകന്ന ബന്ധുവിന് വിഹിതം ലഭിക്കുകയില്ലെന്നതുമാകുന്നു. ഈ നിയമം *അന്നിസാഅ്* സൂറത്തിന്റെ ഏഴാം സൂക്തത്തിൽ ഇങ്ങനെ വിവരിച്ചിട്ടുണ്ട്:

''മാതാപിതാക്കളും അടുത്ത ബന്ധുക്കളും വിട്ടേച്ചുപോയ സ്വത്തിൽനിന്ന്."

4. ഒരു വ്യക്തിയുടെ അടുത്ത ബന്ധു ആരാണ്? അത് ഖുർആൻതന്നെ വ്യക്തമാക്കുന്നു. ഒപ്പംതന്നെ അവരിൽ ഓരോരുത്തരുടെയും വിഹിതമെത്രയെന്നും വിശദീകരിക്കുന്നു. ഖുർആന്റെ വിവരണപ്രകാരം പ്രസ്തുത ബന്ധുക്കൾ ഇവരാണ്: മാതാവും പിതാവും (മാതൃത്വ–പിതൃത്വാവകാശത്തിന്റെ അടിസ്ഥാനത്തിൽ), ഭാര്യ, ഭർത്താവ് (ദാമ്പത്യാവകാശത്തിന്റെ അടിസ്ഥാനത്തിൽ), പുത്രന്മാരും പുത്രിമാരും (സന്താനാവകാശത്തിന്റെ അടിസ്ഥാനത്തിൽ), സഹോദരീ സഹോദരന്മാർ (സാഹോദര്യാവകാശത്തിന്റെ അടിസ്ഥാനത്തിൽ).

5. ഈ ദായധന വിഭജന പദ്ധതി പ്രകാരം വല്ല വിഹിതവും ലഭിക്കുന്ന ബന്ധുവിന് അത് ലഭിക്കുന്നത് മരിച്ച വ്യക്തിയുമായി തനിക്കുള്ള അടുത്ത ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ്. അടുത്ത അവകാശി ജീവിച്ചിരിക്കെ മറ്റൊരാൾക്ക് തന്റെ ഓഹരിയിൽ പങ്കുചേരാനും അദ്ദേഹത്തിന്റെ അഭാവത്തിൽ പ്രതിനിധിയായി അദ്ദേഹത്തിന്റെ വിഹിതം നേടിയെടുക്കാനും സാധ്യമല്ല.

എ) മാതൃത്വത്തിന്റെയും പിതൃത്വത്തിന്റെയും അവകാശം മരിച്ച വ്യക്തിയുടെ യഥാർഥ മാതാപിതാക്കൾക്ക് സിദ്ധിക്കുന്നതാണ്. അവർ ജീവിച്ചിരിക്കെ മറ്റാർക്കും ആ അവകാശം ലഭ്യമല്ല. പിതാവിന്റെ അഭാവത്തിൽ പിതൃത്വത്തിന്റെ അവകാശം പിതാമഹനും പിതാമഹന്റെ അഭാവത്തിൽ അദ്ദേഹത്തിന്റെ പിതാവിനും ലഭിക്കുന്നതാണ്. അപ്രകാരം, മാതാവ് ജീവിച്ചിരിപ്പില്ലെങ്കിൽ മാതൃത്വത്തിന്റെ അവകാശം പിതാമഹിക്കും മാതാമഹിക്കും, പിതാമഹിയുടെയും മാതാമഹിയുടെയും അഭാവത്തിൽ അവരുടെ മാതാക്കൾക്കും ലഭിക്കുന്നതാണ്. അതിനു കാരണം ഇവർ യഥാർഥ മാതാപിതാക്കളുടെ പ്രതിനിധികളാണെന്നതല്ല; പ്രത്യുത, പിതാവിന്റെ അഭാവത്തിൽ പിതാമഹനും, മാതാവിന്റെ അഭാവത്തിൽ മാതാമഹിക്കും പിതാമഹിക്കും യഥാക്രമം പിതൃത്വത്തിന്റെയും മാതൃത്വത്തിന്റെയും അവകാശമുണ്ടെന്നതാണ്.

ബി) സന്താനാവകാശം മരണപ്പെട്ട വ്യക്തിയുടെ ബീജത്തിൽനിന്നോ വയറ്റിൽനിന്നോ ജന്മം കൊണ്ട പുത്രന്മാർക്കും പുത്രിമാർക്കും മാത്രമേ ലഭിക്കുകയുള്ളൂ. അവർ ജീവിച്ചിരിക്കെ ഈ അവകാശം ഒരു വിധത്തിലും സന്താനങ്ങളുടെ സന്താനങ്ങൾക്ക് ലഭ്യമല്ല. പക്ഷേ, അവരാരുമില്ലെങ്കിൽ സന്താനാവകാശം പൗത്രന്മാർക്ക് ലഭിക്കുന്നതാണ്. പിതാവിനും മാതാവിനും വിപരീതമായി, ഒരു വ്യക്തിക്ക് സന്താനങ്ങൾ അധികമുണ്ടാകാവുന്നതാണ്. അതിനാൽ ഒന്നോ അധികമോ സന്താനങ്ങൾ അയാളുടെ ജീവിതകാലത്ത് മരണപ്പെടുകയും ഒന്നോ അധികമോ സന്താനങ്ങൾ അയാളുടെ മരണശേഷം ജീവിച്ചിരിക്കുകയും ചെയ്യുന്ന അനുഭവം പലപ്പോഴും സംഭവിക്കുന്നു. ഇക്കാരണത്താൽ പിതൃത്വാവകാശത്തിന് വിപരീതമായി, സന്താനാവകാശ പ്രശ്നത്തിൽ സന്താനങ്ങളുണ്ടായിരിക്കെ സന്താനങ്ങളുടെ സന്തതികൾക്ക് ദായധനം ലഭിക്കാതെ വരുന്നു. ഈ അവസ്ഥ കണ്ട്, പ്രശ്നത്തിന്റെ അടിസ്ഥാനപരമായ സ്വഭാവം മനസ്സിലാവാത്ത വ്യക്തികൾ ചോദിക്കുന്നു: പിതാവ് മരിച്ചാൽ പിതൃത്വത്തിന്റെ അവകാശം പിതാമഹന് ലഭിക്കുമെങ്കിൽ, മകൻ മരിക്കുമ്പോൾ സന്താനാവകാശം പൗത്രന് ലഭിക്കാതെ പോവുന്നത് എന്തുകൊണ്ട്? യഥാർഥത്തിൽ ഈ ചോദ്യം ശരിയാവാൻ വല്ല സാധ്യതയുമുണ്ടെങ്കിൽ താഴെ പറയുന്ന വിധത്തിൽ മാത്രമാണ്: ഒരു മനുഷ്യൻ ഒരേ അവസരത്തിൽ മൂന്നോ നാലോ വ്യക്തികളുടെ പുത്രനാവുകയും അങ്ങനെ അവരിൽ ഒരാളുടെ മരണശേഷം പിതാമഹന് വിഹിതം ലഭിക്കുകയും ചെയ്യുക. അല്ലെങ്കിൽ ഒരു വ്യക്തിയുടെ ജീവിതകാലത്തുതന്നെ അയാളുടെ എല്ലാ സന്താനങ്ങളും മരണമടഞ്ഞിട്ടും തന്റെ പൗത്രന്മാർക്കും പൗത്രിമാർക്കും ഓഹരി നൽകപ്പെടാതിരിക്കുക. അതിനു പുറമെ, പിതാവിന്റെ അഭാവത്തിൽ പിതാമഹന് പിതൃത്വത്തിന്റെ അവകാശം സിദ്ധിക്കുന്നത് 'പ്രാതിനിധ്യതത്ത്വ'(Representaion) പ്രകാരമാണെന്ന് ധരിക്കുകയും പിതാവിന്റെ നിര്യാണത്തോടെ തൽസ്ഥാനത്ത് പിതാമഹൻ വന്നുനിൽക്കുന്നപോലെ പുത്രന്റെ തിരോധാനത്തോടെ ആ സ്ഥാനത്ത് നിൽക്കാൻ പൗത്രനെ അനുവദിക്കണമെന്ന് ശഠിക്കുകയും ചെയ്യുന്ന മറ്റൊരു തെറ്റുകൂടി അക്കൂട്ടർ ചെയ്യുന്നു. വാസ്തവമാവട്ടെ, ഇത് റേഷൻകടയിൽ അരി വാങ്ങാൻ നിൽക്കുന്നവരുടെ ക്യൂവിന്റെ പ്രശ്നമല്ല; പ്രത്യുത, അടിസ്ഥാനം സാമീപ്യത്തിന്റെയും അകൽച്ചയുടെയുമാണ്. ഒരു വ്യക്തിയുടെ നേർക്കുനേരെയുള്ള പിതാവ് ജീവിച്ചിരിക്കുന്ന കാലത്തോളം നേർക്കുനേരെ അല്ലാതുള്ള പിതാവിന് പിതൃത്വത്തിന്റെ അവകാശം ലഭ്യമല്ലാത്തപോലെ സ്വന്തം സന്താനങ്ങളുള്ള കാലത്തോളം നേർക്കുനേരെ അല്ലാതുള്ള സന്തതികൾക്ക് സന്താനാവകാശം വാങ്ങാൻ ഒരിക്കലും അവകാശമില്ല. പിതാവിന്റെ അഭാവത്തിൽ പിതാമഹന് പിതൃത്വത്തിന്റെ അവകാശം ലഭിക്കുന്നത് അദ്ദേഹം പിതാവിന്റെ സ്ഥാനത്ത് നിൽക്കുന്നുവെന്ന അടിസ്ഥാനത്തിലല്ല. പ്രത്യുത, നേർക്കുനേരെയുള്ള പിതാവിന്റെ അഭാവത്തിൽ നേരിട്ടല്ലാതെയുള്ള പിതാവിന് സ്വയം ഈ അവകാശമുണ്ടെന്ന നിലക്കാണ്.

സി) ദാമ്പത്യത്തിന്റെ അവകാശം മരിച്ച വ്യക്തിയുമായി വൈവാഹികബന്ധമുള്ളവർക്ക് മാത്രമേ ലഭിക്കുകയുള്ളൂ. ഈ ബന്ധം നേർക്കു നേരെയല്ലാതെ സാധ്യമല്ലാത്തതിനാൽ അനന്തരം നൽകുന്ന വ്യക്തിയുടെ ജീവിതകാലത്ത് ഭർത്താവോ ഭാര്യയോ മരണമടയുന്നതോടെ അതിന്റെ അനന്തരാവകാശം പൂർണമായി അവസാനിക്കുന്നതാണ്. പ്രാതിനിധ്യതത്ത്വം ഇവിടെയും കാണപ്പെടുന്നില്ല. അല്ലാത്തപക്ഷം ഭർത്താവിന്റെ ജീവിതകാലത്ത് ഭാര്യ മരണപ്പെട്ടാൽ അവരുടെ അനന്തരാവകാശികളിൽ ആർക്കെങ്കിലും പ്രതിനിധിയെന്ന നിലക്ക് ഭർത്താവിന്റെ ദായധനത്തിൽ നിന്ന് ദാമ്പത്യത്തിന്റെ അവകാശം ആവശ്യപ്പെടാൻ കഴിയുമായിരുന്നു. അതല്ലെങ്കിൽ, ഭാര്യ ജീവിച്ചിരിക്കെ ഭർത്താവ് മരണമടഞ്ഞാൽ അയാളുടെ അനന്തരാവകാശികളിൽ ആർക്കെങ്കിലും ഭാര്യയുടെ ധനത്തിൽനിന്ന് ദാമ്പത്യത്തിന്റെ അവകാശമാവശ്യപ്പെടാമായിരുന്നു.

ഡി) സഹോദര ബന്ധത്തിന്റെ അവകാശം സന്താനങ്ങളും പിതാവും ജീവിച്ചിരിപ്പില്ലാത്ത പരിതഃസ്ഥിതിയിൽ മാത്രം സഹോദരീ സഹോദരന്മാർക്ക് ലഭിക്കുന്നതാണ്–അവർ മാതാവും പിതാവുമൊത്തവരാവട്ടെ, പിതാവിനാലോ മാതാവിനാലോ ഉള്ളവരാവട്ടെ. സഹോദരന്റെ അഭാവത്തിൽ പ്രതിനിധികളെന്ന നിലക്ക് തന്റെ സന്താനങ്ങൾക്ക് അയാളുടെ വിഹിതം ലഭിക്കാൻ പ്രാതിനിധ്യതത്ത്വം ഇവിടെയുമില്ല. സഹോദരപുത്രന്മാർക്ക് ഓഹരി ലഭിക്കുമെങ്കിൽ അത് അവകാശികളുടെ അഭാവത്തിലോ, അവകാശികളുടെ വിഹിതം നൽകിയശേഷം ശേഷക്കാരെന്ന നിലക്കോ ഉള്ള സ്വന്തമായ അവകാശപ്രകാരമാണ്; പ്രതിനിധിയെന്ന അടിസ്ഥാനത്തിലല്ല.

6. മേൽ പ്രസ്താവിച്ച നാല് അവകാശങ്ങളിൽ ഏതെങ്കിലുമുള്ള ബന്ധുക്കളുടെ അവകാശങ്ങൾ മാത്രമാണ് വിശുദ്ധ ഖുർആൻ വിശദീകരിച്ചിട്ടുള്ളത്. അവരുടെ ഓഹരികൾ ഖുർആൻതന്നെ

നിശ്ചയിക്കുകയും ചെയ്തിരിക്കുന്നു. ഇനി രണ്ട് ചോദ്യങ്ങളുടെ ഉത്തരമാണവശേഷിക്കുന്നത്: ഒന്നാമതായി, ഖുർആൻ അംഗീകരിച്ച ഓഹരികൾ നൽകിയ ശേഷം അവശേഷിക്കുന്ന സ്വത്ത് എവിടെ പോവുന്നു? രണ്ടാമതായി, ഖുർആൻ നിശ്ചയിച്ച അവകാശങ്ങൾ സിദ്ധിക്കുന്ന ബന്ധുക്കൾ ജീവിച്ചിരിപ്പില്ലെങ്കിൽ അനന്തര സ്വത്ത് ആർക്ക് ലഭിക്കും? ഈ ചോദ്യങ്ങൾക്ക് ഖുർആന്റെ വ്യാഖ്യാതാവെന്ന നിലക്ക് ഖുർആൻതന്നെ നൽകുന്ന സൂചനയുടെ അടിസ്ഥാനത്തിൽ നബി(സ) ഇങ്ങനെ മറുപടി പറഞ്ഞിരിക്കുന്നു: അടുത്ത ബന്ധുക്കളുടെ അവകാശം നൽകിക്കഴിഞ്ഞശേഷം, അഥവാ അവരുടെ അഭാവത്തിൽ അനന്തരാവകാശം ലഭിക്കുക, പ്രകൃത്യാ ഒരു മനുഷ്യന്റെ സഹായകരും സംരക്ഷകരുമായ അടുത്ത പിതൃബന്ധുക്കൾക്കാണ്. 'അസബാത്ത്' എന്ന വാക്കിന്റെ അർഥവും ഇതുതന്നെയാകുന്നു. അതായത്, തനിക്ക് വേണ്ടി പക്ഷംപിടിക്കുന്ന കുടുംബക്കാരെന്ന്. അവർ ജീവിച്ചിരിപ്പില്ലെങ്കിൽ ഈ അവകാശം 'മാതൃബന്ധുക്കൾക്ക്' (ഉദാഹരണത്തിന് അമ്മാവൻ, ഉമ്മയുടെ പിതാവ്, സഹോദരീ പുത്രൻ, മകളുടെയോ പൗത്രിയുടെയോ സന്താനങ്ങൾ) നൽകുന്നതാണ്. പ്രാതിനിധ്യതത്ത്വത്തിനും ആവശ്യക്കാർക്കും അനുഭാവമർഹിക്കുന്നവർക്കും അനന്തരം നൽകുകയെന്ന തത്ത്വത്തിന് ഇവിടെയും സ്ഥാനമില്ല. ഖുർആൻ വ്യക്തമാക്കിയ നാല് അടിസ്ഥാനങ്ങൾ ഈ പ്രശ്നത്തിൽ ബാധകമത്രെ:

ഒന്ന്, ഏറ്റവും അടുത്ത ബന്ധുവിന് ശേഷം, അടുത്ത ബന്ധുവിന് ഓഹരി ലഭിക്കുന്നതാണ്. അടുത്ത ബന്ധു ഉണ്ടായിരിക്കെ അകന്ന ബന്ധുവിന് വിഹിതമില്ല: "മാതാപിതാക്കളും അടുത്ത ബന്ധുക്കളും വിട്ടേച്ചുപോയതിൽനിന്ന്."

രണ്ട്, അവകാശികളല്ലാത്തവരെ അനന്തരാവകാശികളായി അംഗീകരിക്കുന്നതിൽ വീക്ഷിക്കപ്പെടുക മരണപ്പെട്ട വ്യക്തിക്ക് ഉപകാരം ചെയ്യുന്നതിൽ ആരാണ് അടുത്ത് നിൽക്കുന്നതെന്നാണ്. അഥവാ, അദ്ദേഹത്തെ സംരക്ഷിക്കുന്നതിലും സഹായിക്കുന്നതിലും ജാഗ്രത പുലർത്താൻ പ്രകൃത്യാ സാധ്യമാവുക ആർക്കാണെന്ന്: "അവരിൽ ആരാണ് ഉപകാരത്തിൽ നിങ്ങളോട് അടുത്തു നിൽക്കുന്നത്."

മൂന്ന്, ശേഷക്കാർ (അസബഃ) ആവാൻ പ്രകൃത്യാ സ്ത്രീകളെ അപേക്ഷിച്ച് പുരുഷന്മാരാണ് കൂടുതൽ അർഹർ. തന്മലൂം മാതാപിതാക്കളിൽ പിതാവിനെയാണ് ഖുർആൻ 'അസബഃ'യായി അംഗീകരിക്കുന്നത്. അവകാശികളുടെ വിഹിതം നൽകിയ ശേഷം അവശേഷിക്കുന്ന ദായധനം അടുത്ത പുരുഷന് നൽകുകയെന്ന് നബി(സ) പറഞ്ഞത് അതുകൊണ്ടാകുന്നു. പക്ഷേ, ചില പരിതഃസ്ഥിതികളിൽ സ്ത്രീയും 'അസബഃ'യാവുന്നതാണ്. ഉദാഹരണത്തിന്, മരിച്ച വ്യക്തിയുടെ അനന്തരാവകാശികൾ പുത്രികൾ മാത്രമാവുകയും 'അസബഃ' (ശേഷക്കാർ) യായി പുരുഷന്മാരില്ലാതിരിക്കുകയും ചെയ്യുക. എങ്കിൽ പുത്രികളുടെ അവകാശം നൽകി, ശേഷിക്കുന്നത് മരണപ്പെട്ട വ്യക്തിയുടെ സഹോദരിക്ക് നൽകുന്നതാണ്. കാരണം, പ്രസ്തുത സഹായി അവരായിരിക്കും.

നാലാമത്തെ തത്ത്വം ഖുർആൻ ഇങ്ങനെ വിശദീകരിച്ചിരിക്കുന്നു: "മാതൃബന്ധുക്കൾ (അന്യരെ അപേക്ഷിച്ച്) ചിലർ ചിലരേക്കാൾ അവകാശമുള്ളവരാണ്." അമ്മാവൻ മറ്റനന്തരാവകാശികളില്ലാത്തവരുടെ അനന്തരാവകാശിയാണെന്ന് ഈ അടിസ്ഥാനത്തിലാണ് നബി(സ) പറഞ്ഞത്.

ദായധന വിഭജനത്തിന്റെ ഇസ്‌ലാമിക തത്ത്വങ്ങളാണിവ. വല്ലപ്പോഴും ഖുർആൻ ബോധപൂർവം പാരായണം ചെയ്യുകയും അതിന്റെ പ്രതിപാദ്യങ്ങളെക്കുറിച്ച് പരിചിന്തിക്കുകയും ചെയ്ത ഒരു വ്യക്തിക്കും അവ മനസ്സിലാക്കുന്നതിൽ വീഴ്ച വരുത്തുക സാധ്യമല്ല. ശേഷക്കാരുടെ നിർണയത്തിലും മാതൃബന്ധുക്കളുടെ അനന്തരാവകാശ പ്രശ്നത്തിലുമൊഴിച്ച് അനന്തരാവകാശ നിയമത്തിന്റെ മൗലിക തത്ത്വങ്ങളിൽ സമുദായത്തിലെ എല്ലാ പണ്ഡിതന്മാരും തുടക്കം മുതൽ ഇന്നോളം ഏകാഭിപ്രായക്കാരാവാൻ കാരണവും ഇതുതന്നെ. ഖുർആന്റെ പ്രസ്തുത നിയമം മനസ്സിലാക്കുന്നതിൽ സമുദായത്തിലെ പണ്ഡിതന്മാരൊന്നടങ്കം ഒരേവിധം പിഴച്ചിരിക്കുന്നുവെന്ന ശബ്ദം ആധുനിക കാലഘട്ടത്തിന് മുമ്പ് ഇസ്‌ലാമിക ചരിത്രത്തിലൊരിക്കലും ശ്രവിക്കാൻ കഴിഞ്ഞിട്ടില്ല.

## പ്രാതിനിധ്യ തത്ത്വത്തിന്റെ തെറ്റ്

മരിച്ചുപോയ പുത്രന്റെയും പുത്രിയുടെയും സന്താനങ്ങളെ അനന്തരാവകാശികളായി അംഗീകരിക്കുന്നതുമൂലമുണ്ടാവുന്ന മൗലികമായ ന്യൂനതകളെന്താണെന്നും ഈ നിർദേശം യുക്തിയുക്തവും സുവ്യവസ്ഥിതവുമായ ഒരനന്തരാവകാശനിയമത്തെ എപ്രകാരം അയുക്തികവും അവ്യവസ്ഥിതവുമാക്കിത്തീർക്കുന്നുവെന്നും ഇനി നമുക്ക് പരിശോധിക്കുക.

അതിന്റെ ഒന്നാമത്തെ ന്യൂനത, ഇസ്‌ലാമിന്റെ അനന്തരാവകാശ നിയമത്തിൽ 'പ്രാതിനിധ്യ'മെന്ന തികച്ചും തെറ്റായ ഒരു ചിന്താഗതി കടത്തിക്കൂട്ടുന്നുവെന്നതാണ്. ഖുർആനിൽ നമുക്ക് അതിന് യാതൊരു തെളിവും കണ്ടെത്തുക സാധ്യമല്ല. ഖുർആന്റെ വെളിച്ചത്തിൽ ഒരു വ്യക്തിക്ക് അനന്തര സ്വത്തിന്റെ വല്ലപങ്കും ലഭിക്കുന്നുവെങ്കിൽ അത് മരണപ്പെട്ട ആളുടെ ബന്ധുവെന്ന അടിസ്ഥാനത്തിലാണ് ലഭിക്കുന്നത്; മറ്റൊരു ബന്ധുവിന്റെ പ്രതിനിധിയെന്ന നിലക്കല്ല. സന്താനങ്ങളുടെ അഭാവത്തിൽ സന്താനങ്ങളുടെ സന്തതികൾക്കും, മാതാപിതാക്കളുടെ അഭാവത്തിൽ അവരുടെ മാതാപിതാക്കൾക്കും അനന്തരാവകാശം സിദ്ധിക്കുന്നത് അവർ ആരുടെയെങ്കിലും പ്രതിനിധികളായതുകൊണ്ടല്ല; പ്രത്യുത, നേരിട്ടുള്ള സന്താനങ്ങളും മാതാപിതാക്കളുമില്ലാത്തതിനാൽ നേരിട്ടല്ലാതെയുള്ള സന്താനങ്ങൾക്കും മാതാപിതാക്കൾക്കും സന്താനാവകാശവും മാതൃത്വ–പിതൃത്വാവകാശവും സ്വയം ലഭ്യമാവുകയത്രെ ചെയ്യുന്നത്. അതിനുള്ള തെളിവിതാണ്: ഭാര്യയുടെയും ഭർത്താവിന്റെയും അനന്തരാവകാശികൾ നേരിട്ടോ അല്ലാതെയോ ദാമ്പത്യത്തിന്റെ അവകാശത്തിനർഹരല്ല. അതിനാൽ, ഒരു പുരുഷൻ മരണപ്പെട്ടാൽ ആദ്യമേ മരിച്ചുപോയ തന്റെ ഭാര്യയുടെ വിഹിതമോ, ഒരു സ്ത്രീ മരണപ്പെട്ടാൽ മരിച്ചുപോയ തന്റെ ഭർത്താവിന്റെ വിഹിതമോ ഒരു വിധത്തിലും അവരുടെ അനന്തരാവകാശികൾക്ക് ലഭിക്കുകയില്ല. പ്രാതിനിധ്യതത്ത്വം യഥാർഥത്തിൽ ഇസ്‌ലാമിലുണ്ടായിരുന്നുവെങ്കിൽ ശ്വശുരന്നും ഭാര്യാമാതാവിനും സ്യാലന്നും ചിറ്റമ്മയുടെ പുത്രനും ദായധന വിഹിതം ലഭിക്കാതിരിക്കാൻ ഒരു കാരണവുമില്ല.

രണ്ടാമത്തെ ന്യൂനത, പ്രാതിനിധ്യ തത്ത്വമംഗീകരിച്ച ശേഷം ഈ നിർദേശം പുത്രന്മാരുടെയും പുത്രിമാരുടെയും സന്താനങ്ങളിൽ മാത്രം പരിമിതപ്പെടുത്തുന്നുവെന്നതാണ്. യഥാർഥത്തിൽ അതിന് യുക്തിപൂർവമായ യാതൊരു തെളിവുമില്ല. പ്രാതിനിധ്യ തത്ത്വം വാസ്തവത്തിൽ ശരിയായ ഒരു തത്ത്വമാണെങ്കിൽ നിയമം ഇങ്ങനെയാവേണ്ടതുണ്ട്:

"ശരീഅത്തിൽ, ഒരാളുടെ മരണശേഷം ജീവിച്ചിരിപ്പുണ്ടെങ്കിൽ അയാളുടെ അനന്തരാവകാശിയായിത്തീരുന്ന ഏതൊരു വ്യക്തിയും, അനന്തരം നൽകുന്ന ആളുടെ കാലത്തുതന്നെ മരിക്കുകയാണെങ്കിൽ ശരീഅത്തുപ്രകാരമുള്ള അദ്ദേഹത്തിന്റെ എല്ലാ അനന്തരാവകാശികളും തന്റെ പ്രതിനിധികളായി അംഗീകരിക്കപ്പെടുകയും അനന്തരം നൽകുന്ന വ്യക്തിയുടെ മരണത്തോടെ അവർക്ക് ദായധനവിഹിതം ലഭിക്കു

കയും ചെയ്യേണ്ടതാണ്."

ഉദാഹരണമായി, ഒരു വ്യക്തിയുടെ പത്നി അയാളുടെ ജീവിതകാലത്ത് മരിച്ചു. എങ്കിൽ, മരണപ്പെട്ട ഭാര്യയുടെ അനന്തരാവകാശി, ഭർത്താവിന്റെ ദായധനത്തിൽ പ്രതിനിധിയായി അംഗീകരിക്കപ്പെടാതിരിക്കാൻ എന്താണ് കാരണം? ഒരു വ്യക്തിയുടെ പിതാവ് അയാളുടെ ജീവിതകാലത്ത് മരണപ്പെട്ടു. പ്രാതിനിധ്യതത്ത്വം അംഗീകരിച്ച ശേഷം മരണപ്പെട്ട പിതാവിന്റെ അനന്തരാവകാശികളെയെല്ലാം അദ്ദേഹത്തിന്റെ പ്രതിനിധികളായി കണക്കാക്കി എല്ലാവരെയും പ്രസ്തുത വ്യക്തിയുടെ അനന്തര സ്വത്തിൽ പങ്കാളികളാക്കാതിരിക്കാൻ യുക്തിപൂർവകമായ എന്ത് തെളിവാണുള്ളത്? ഒരാളുടെ നാല് കൊച്ചു കുട്ടികൾ തന്റെ ജീവിതകാലത്ത് മരണപ്പെട്ടു. ആ കുട്ടികളുടെ മാതാവ് അവരുടെ പ്രതിനിധിയായി അംഗീകരിക്കപ്പെടാതിരിക്കാനും ഭർത്താവിന്റെ മരണശേഷം ദാമ്പത്യാവകാശത്തിനു പുറമെ, മരിച്ചുപോയ പുത്രന്മാരുടെ വിഹിതവും കൂടി പ്രതിനിധിയെന്ന നിലക്ക് ലഭിക്കാതിരിക്കാനുമുള്ള ന്യായീകരണമെന്താണ്? ഒരു വ്യക്തിയുടെ വിവാഹിതനായ പുത്രൻ അയാളുടെ ജീവിതകാലത്ത് സന്താനങ്ങളില്ലാതെ മരണമടഞ്ഞു. അയാളുടെ വിധവക്ക് തന്റെ പ്രതിനിധിയെന്ന നിലയിൽ ശ്വശുരന്റെ ദായധനത്തിൽനിന്ന് വിഹിതം ലഭിക്കാത്തതെന്തുകൊണ്ട്? ഈ പ്രാതിനിധ്യ തത്ത്വം സന്താനങ്ങളുടെ സന്താനങ്ങൾക്ക് മാത്രം പരിമിതപ്പെടുത്തുകയും മറ്റുള്ളവരെയെല്ലാം അതിൽ നിന്നൊഴിച്ചുനിർത്തുകയും ചെയ്യുന്നത് വല്ല ഖുർആനിക തെളിവിന്റെയും അടിസ്ഥാനത്തിലാണെങ്കിൽ അത് ചൂണ്ടിക്കാണിക്കപ്പെടേണ്ടതുണ്ട്; യുക്തിപരമായ വല്ല തെളിവുമാണടിസ്ഥാനമെങ്കിൽ അതും വ്യക്തമാക്കേണ്ടിയിരിക്കുന്നു. അല്ലാത്തപക്ഷം, പ്രാതിനിധ്യതത്ത്വം സ്വയംകൃതമായ പോലെത്തന്നെ അത് ബാധകമായവരെ തീരുമാനിച്ചതും സ്വഹിതാനുസാരമാണെന്ന് തുറന്നുപറയേണ്ടിയിരിക്കുന്നു.

മൂന്നാമത്തെ ന്യൂനത, നിയമജ്ഞനായ ഒരു വ്യക്തിക്ക് വിശുദ്ധഖുർആന്റെ അനന്തരാവകാശ നിയമങ്ങളിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്ന തത്ത്വങ്ങൾക്ക് കടകവിരുദ്ധമാണീ നിർദേശം എന്നതത്രെ. ഖുർആന്റെ വെളിച്ചത്തിൽ അനന്തരാവകാശം ഒരുവിധത്തിലും അനന്തരം നൽകുന്ന വ്യക്തിയുടെ ജീവിതകാലത്ത് ഉണ്ടാവുന്നതല്ല, പക്ഷേ പ്രസ്തുത നിർദേശം ഈ അവകാശം അനന്തരം നൽകുന്ന വ്യക്തിയുടെ ജീവിതകാലത്തുതന്നെ സ്ഥാപിതമാണെന്നും അതിന്റെ പ്രയോഗവത്കരണം മാത്രം അനന്തരം നൽകുന്ന വ്യക്തിയുടെ മരണം വരെ നീട്ടിവെച്ചതാണെന്നുമുള്ള സങ്കൽപത്തിലധിഷ്ഠിതമാകുന്നു. ഖുർആന്റെ ദൃഷ്ടിയിൽ അനന്തരം നൽകുന്ന വ്യക്തിയുടെ മരണവേളയിൽ ജീവിക്കുന്നവർക്കു മാത്രമേ ദായധനത്തിൽ വിഹിതമുള്ളൂ. പൗത്രനും സ്വത്തവകാശം നൽകണമെന്ന നിർദേശം അയാളുടെ ജീവിതകാലത്ത് മരിച്ചവർക്ക് കൂടി അവകാശം നൽകുന്നു.

നാമാലത്തെ ന്യൂനത ഇതാണ്: ഖുർആൻ ചില ബന്ധുക്കൾക്ക് ഖണ്ഡിതമായ വിഹിതം നിശ്ചയിക്കുന്നു. അതിൽ ഏറ്റക്കുറവ് വരുത്താൻ ആർക്കും അവകാശമില്ല. പക്ഷേ, പ്രാതിനിധ്യതത്ത്വം ഖുർആന്റെ അംഗീകൃതമായ ചില വിഹിതങ്ങളിൽ കുറവും ചില വിഹിതങ്ങളിൽ വർധനവും വരുത്തുന്നു. ഉദാഹരണമായി, ഒരാൾക്ക് രണ്ട് പുത്രന്മാരുണ്ടായിരുന്നുവെന്ന് സങ്കൽപിക്കുക. രണ്ടു പേരും അയാളുടെ ജീവിതത്തിൽതന്നെ മരണപ്പെട്ടു. ഒരു പുത്രൻ മരിച്ചത് നാലു സന്താനങ്ങളെ വിട്ടേച്ചുകൊണ്ടാണ്. രണ്ടാമത്തെ മകൻ മരിച്ചത് ഒരു പുത്രനെ വിട്ടേച്ചും. ഖുർആന്റെ ദൃഷ്ടിയിൽ ഈ അഞ്ച് പൗത്രന്മാരും സന്താനാവകാശത്തിൽ തികച്ചും സമന്മാരാണ്. തന്മൂലം പിതാമഹന്റെ ദായധനത്തിൽനിന്ന് അവർക്കെല്ലാം തുല്യമായ വിഹിതം ലഭിക്കേണ്ടതുണ്ട്. പക്ഷേ, പ്രാതിനിധ്യതത്ത്വ പ്രകാരം അയാളുടെ അനന്തര സ്വത്തിൽനിന്ന് എട്ടണ ഒരു പൗത്രന് ലഭിക്കുന്നതും ശേഷിച്ച നാല് പൗത്രന്മാർക്കും രണ്ടണ വീതം മാത്രം ലഭിക്കുന്നതുമാണ്. (*തഫ്ഹീമാത്ത്* ഭാഗം 3). ■